(സി) സ്വകാര്യലാബുകളുടെയും ആശുപത്രികളുടെയും നിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ എന്നൊരു ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ആയതിന്മേൽ നിയമനിർമ്മാണം പൂർണ്ണമാകുന്നതോടെ മാത്രമേ ഇത്തരം പ്രവർത്തികൾ തടയുന്നതിനുള്ള വ്യവസ്ഥകൾ നിലവിൽ വരുകയുള്ളൂ.

സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്കുവേണ്ട യോഗ്യത

35 (4838) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്ക് നിയമാനുസൃത പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണ്;

(ബി) ഇത് പ്രവർത്തിക്കാൻ ലൈസൻസ് കൊടുക്കുന്നത് ആരാണെന്നും മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) സ്വകാര്യ ലാബുകളുടെ പ്രവർത്തനം നീരീക്ഷിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സ്വകാര്യ മെഡിക്കൽ ലബോറട്ടറികൾക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ആയതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന വിവരം ശേഖരിച്ചുവരുന്നു.

(സി) ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ലാബുകളിൽ പരിശോധനനടത്തി നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന വ്യാപകമായി 26-8-2014-ൽ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ ടീമുകൾ പോകുകയും പൊതുജനാരോഗ്യ നിയമപ്രകാരം 4278 ലാബുകൾ പരിശോധിക്കുകയും ചെയ്തു. പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ട് 1121 സ്ഥാപനങ്ങൾക്ക് നോട്ടീസുകൾ കൊടുക്കുകയും ഒട്ടും തൃപ്തികരമല്ലാത്ത 120 സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തു. 27-2-2015-ൽ 2055 ലാബുകൾ പരിശോധനനടത്തി 350 സ്ഥാപനങ്ങൾക്ക് നോട്ടീസ് കൊടുക്കുകയും 47 ലാബുകൾ അടപ്പിക്കുകയും ചെയ്തു.

LIBRARY. ARCHIVES Kerala Legislative Assembly